# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4810** **22.03.2018-ൽ മറുപടിക്ക്**

## മൈലാട്ടി സബ് സ്റ്റേഷൻ

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് 220 KV മൈലാട്ടി സബ് സ്റ്റേഷനിലേക്ക് എവിടെ നിന്നാണ് വൈദ്യുതി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് 220 KV മൈലാട്ടി സബ് സ്റ്റേഷനിലേക്ക് 220 KV കാഞ്ഞിരോട് സബ്സ്റ്റേഷനിൽ നിന്നും ആണ് വൈദ്യുതി എത്തിക്കുന്നത്. |
| (ബി) | അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഈ സബ് സ്റ്റേഷനിലേക്ക് വൈദ്യുതി വിതരണമുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | അയൽ സംസ്ഥാനങ്ങളിൽ നിന്നും നിലവിൽ ഈ സബ്സ്റ്റേഷനിലേക്ക് വൈദ്യുതി വിതരണമില്ല. |
| (സി) | കേരളത്തിലെ ഏതെല്ലാം ജില്ലകളാണ് അയൽ സംസ്ഥാനങ്ങളിലെ വൈദ്യുതി കിട്ടാതെ കേരളത്തിലെ വൈദ്യുതിമാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ: | (സി) | കേരളത്തിലെ പ്രസരണ ശൃംഖല പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നതിനാൽ കേരളത്തിലെ ജില്ലകളെ അയൽ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വൈദ്യുതിയെ ആശ്രയിച്ച് കഴിയുന്നവ അഥവാ കേരളത്തിലെ വൈദ്യുതിയെ മാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്നവ എന്ന് വേർതിരിച്ച് കാണുവാൻ നിർവാഹമില്ല. |
| (ഡി) | കർണാടകയിൽ നിന്ന് കാസർഗോഡ് ജില്ലയിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് പദ്ധതിയുണ്ടോ എന്നും എങ്കിൽ ഈ പദ്ധതി ഇതുവരെ നടപ്പിലാക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ? | (ഡി) | കർണാടകയിലെ ഉഡുപ്പിയിൽ നിന്നും കാസർഗോഡ് ജില്ലയിലെ ചീമേനിയിലേക്ക് ഒരു പ്രസരണ സംവിധാനം സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിന് ഉള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണത്തിലേക്ക് നയിക്കുന്ന പ്രാഥമിക നടപടികൾ കേന്ദ്ര സ്ഥാപനമായ CEA നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ